The amendment moved by Shri Cyriac John was,by leave, withdrawn.

The amendment moved by Shri N.Bhaskaran Nair was, by leave: withdrawn.

The amendment moved by Shri K. Raghavan Master was put and lost.

The amendment moved by Shri E. Narayanan Nair was put and lost.

The amendment moved by Shri P.R. Francis was, by leave, withdrawn.

The amendment moved by Shri P. Karunakaran was, by leave withdrawn.

The amendment moved by Shri M. Ramappa was, by leave withdrawn.

The amendment moved by Shri P.P.V. Moosa was, by leave, withdrawn.

The amendment moved by Shri K.P. Nuruddin was, by leave,withdrawn.

The amendment moved by Shri P.P. Esthose was, by leave, withdrawn.

The resolution was unanimously adopted.

LIBRARY ARCHIVES Kerala Legislative Assembly

2. കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ഭേദഗതി ചെയ്യുന്നതിനെ സംബന്ധിച്ച്

11 a.m.] ശ്രീ. കെ.ജെ. ചാക്കോ: സർ, പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

''കീടബാധമൂലവും, ഉൽപ്പന്നങ്ങളുടെ അമിതമായ വിലയിടിവുമൂലവും, ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവുമൂലവും നഷ്ടം സഹിച്ചുകൊണ്ട് കൃഷി നടത്തിക്കൊണ്ടിരിക്കുന്ന നെൽക്കൃഷിക്കാർക്ക് മറ്റ് എന്തെങ്കിലും ആദായകരമായ കൃഷി നടത്തുവാൻ ഇന്ന് പ്രതിബന്ധമായി നിൽക്കുന്ന കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ഭേദഗതി ചെയ്യണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.''

ഈ പ്രമേയത്തെ സംബന്ധിച്ച് വലിയ വിശദീകരണത്തിന്റെ ആവശ്യമില്ലെങ്കിൽപോലും ഈ പ്രമേയത്തിന്റെ അന്തസത്തയോടും ആശയത്തോടും എല്ലാവരും അനുകൂലിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി രണ്ടു വാക്കു ഞാൻ സംസാരിക്കുകയാണ്.

1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ആർഡർ അനുസരിച്ച് നെൽക്കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ മറ്റ് യാതൊരു തരത്തിലുള്ള കൃഷിയും ചെയ്തുകൂടാ എന്നുള്ള നിരോധനം ഇന്ന് നിലവിലുണ്ട്. 1967-ൽ ഈ നിരോധനം പുറപ്പെടുവിക്കുന്ന കാലത്തുള്ള അന്നത്തെ പരിത:സ്ഥിതി കണക്കിലെടുക്കുകയാണെങ്കിൽ ഈ ഉത്തരവ് ആവശ്യമില്ലാത്തതാണെന്നു പറയാൻ സാദ്ധ്യമല്ല. കേരളത്തിൽ അന്ന് ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരുന്ന സമയമായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഭക്ഷ്യധാന്യങ്ങളും കിട്ടുമെന്നുള്ള പ്രതീക്ഷ ഇല്ലാതിരുന്നു. ഏക ഭക്ഷ്യമേഖല നിലവിലിരുന്ന കാലത്തുണ്ടാക്കിയ ഒരു ഉത്തരവാണ് ഇത്. അതിനുമുമ്പ് 1945-ൽ സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാനായിരുന്ന കാലത്ത് ഈ മാതിരിയുള്ള ഒരു നിരോധനം ഉണ്ടായിരുന്നു. നാട്ടുരാജാക്കൻമാർ ഭരിക്കുന്ന സമയത്ത്, നാട്ടുരാജ്യങ്ങളും തമ്മിൽ പരസ്പരസ്പർദ്ധയും അസൂയയും ഉണ്ടായിരുന്ന സമയത്ത്, ഒരു രാജ്യം മറെറാരു രാജ്യത്തെ സഹായിക്കാനുള്ള അന്തരീക്ഷം ഇല്ലാതിരുന്ന സമയത്ത് ഇങ്ങനെ ഒരു ഉത്തരവ് ഉണ്ടായിരുന്നു. 1945-ൽ തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു നിരോധനത്തിന്റെ പിൻഗാമി എന്നുള്ള നിലയിൽ 1967-ൽ നിലവിൽ വന്ന ഈ ഉത്തരവ്, കേരളാ ലാൻറ് യൂട്ടിലൈസേഷൻ ആർഡർ വളരെ അപകടകരം ആണ്; ആവശ്യമില്ലാത്തതാണെന്നു കർഷകരും, കർഷകസംഘടനകളും, കർഷക തൊഴിലാളികളും നിരന്തരമായി നിവേദനങ്ങളും ഈ ഗവൺമെൻറിന്റെ മുമ്പിൽ പലപ്പോഴും സമർപ്പിച്ചിട്ടുള്ളതാണ്. 1967-ൽ ഇന്ന് നിലവിലിരിക്കുന്ന കാലാവസ്ഥ ആയിരുന്നില്ല ഭക്ഷ്യസാധനങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഉണ്ടായിരുന്നത്. അതുകൊണ്ടാണ് നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മറ്റ് കൃഷികളും ചെയ്തുകൂടാ എന്നുള്ള കർശനമായ നിരോധനം പുറപ്പെടുവിച്ചത്. അന്ന് ഏകഭക്ഷ്യമേഖല ആയതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് അരിയോ മറ്റ് ഭക്ഷ്യസാധനങ്ങളോ കിട്ടാൻ അവസരം ഉണ്ടായിരുന്നില്ല. തന്നെയുമല്ല കേന്ദ്രഗവൺമെൻറ് കേരളത്തെ സഹായിക്കുമോ എന്നുള്ള ഉൽകണ്ഠ ഉണ്ടായിരുന്ന സമയത്താണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്. അതുകൊണ്ട് അന്ന് നിലവിലുണ്ടായിരുന്ന പ്രത്യേക സ ഹചര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവ് ഇന്നുനിലനിൽക്കുന്നത് അനാവശ്യമാണെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം വിവേകമുള്ള ആളുകളുടെ ഇടയിൽ എതിരഭിപ്രായമില്ല. ഇന്ന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നെൽക്കൃഷി നഷ്ടത്തിൽ പോകുകയാണ്. കർഷകരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ട് ഉണ്ട്. ഇന്ന് സൊസൈറ്റികളിൽനിന്നും അതുപോലുള്ള സ്ഥാപനങ്ങളിൽനിന്നും വായ്പ വാങ്ങി കൃഷി ചെയ്യുന്ന ആളുകളെസംബന്ധിച്ചിടത്തോളം ഓരോ വർഷവും കൂടുതൽ കൂടുതൽ കടബാദ്ധ്യത ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ ഇനിയും നെൽക്കൃഷി ചെയ്യാൻ സാധ്യമല്ലെന്നു കൃഷിക്കാർ ഒത്തൊരുമിച്ച് തീരുമാനം എടുത്തിരിക്കുകയാണ്. അപ്പർ കുട്ടനാട്, ലോവർ കുട്ടനാട്, ഉൾപ്പെടെയുള്ള 1,35,000 ഏക്കർ സ്ഥലം എടുത്തു പരിശോധിക്കുകയാണെങ്കിൽ അതിൽ നല്ല ഒരു ഭാഗം ഏകദേശം 20,000 ഏക്കർ ഭൂമി തരിശ് ഇട്ടിരിക്കുന്നതായി കാണാൻ സാധിക്കും. ഇങ്ങനെ തരിശ് ഇട്ടിരിക്കുന്നതായ ഭൂമി ഇതിനുമുമ്പുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാലത്തു ആയിരുന്നു എങ്കിൽ ലേലം ചെയ്തു കൊടുക്കുമായിരുന്നു. ഇന്നു ലേലം ചെയ്താലും വിളി കേൾക്കാൻ ആരും കാണുകയില്ല. നെൽ ക്കൃഷി നഷ്ടത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു എന്നു ബോദ്ധ്യമുള്ള കൃഷിക്കാർ കൃഷിഭൂമി ലേലം ചെയ്തു കൊടുത്താലും അതു ഏറ്റെടു ക്കാൻ തയ്യാറില്ലാത്ത സാഹചര്യമാണു ഇന്നു ഇവിടെ ഉള്ളതു. അതുകൊണ്ടു ഈ ആർഡർ ഇനിയും നിലനിൽക്കുന്നതു ശരിയല്ല. ഈ ഉത്തരവിനു തീർച്ചയായും ആവശ്യമായ ഭേദഗതി വരുത്തണം. ഇതിനെ സംബന്ധിച്ചു കേന്ദ്ര കൃഷി മന്ത്രി ശ്രീ. ബർണാലാ കേരളം സന്ദർശിച്ച അവസരത്തിൽ പല കാർഷിക സംഘടനകളും നിവേദനം നടത്തുകയു ണ്ടായി. ആ നിവേദനത്തെ സംബന്ധിച്ചു പഠിച്ചതിനുശേഷം വളരെ വ്യക്തമായി കോട്ടയത്തു വിളിച്ചു കൂട്ടിയ ഒരു പ്രസ് കോൺഫറൻസിൽ അദ്ദേഹം പറയുകയുണ്ടായി, കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ആർഡർ ഇന്നു നിലവിലിരിക്കുന്നതു ശരിയല്ല, തീർച്ചയായും ഇതു ഭരണഘടന യുടെ അന്തസ്സത്തയെപ്പോലും ലോഭ്യം ചെയ്യുന്നതാണു എന്നു. കർഷ കരുടെ നിലത്തിൽ എന്തു കൃഷിയാണു ചെയ്യേണ്ടതെന്നു തീരുമാനി ക്കാനുള്ള അവകാശം അവരിൽ നിക്ഷിപ്തമായിരിക്കെ ഇഷ്ടമുള്ള കൃഷി ചെയ്യണമെന്നു ആഗ്രഹിച്ചാൽ അതു ചെയ്യാൻ സാദ്ധ്യമല്ല, അതിനു വിലങ്ങു വയ്ക്കുന്നതു ഭരണഘടനയുടെ അന്തസ്സത്തയെ തന്നെ ലോഭ്യം ചെയ്യുന്ന തരത്തിലാണെന്നു അദ്ദേഹം വ്യക്തമായ ഭാഷയിൽ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇക്കാര്യ ത്തിൽ വലിയ തർക്കമില്ലെന്നാണു ഇതിനുമുമ്പു നടന്ന ലോദ്യോത്തര വേളയിൽ നൽകിയ മറുപടിയിൽനിന്നും മേശപ്പുറത്തുവച്ച ഉത്തരത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു. കർഷകരെ സംബന്ധി ച്ചിടത്തോളം അവരുടെ താൽപ്പര്യത്തിനു ഈ ഗവൺമെന്റിനു എതിരഭി പ്രായമില്ല, കേന്ദ്രഗവൺമെന്റിനു എതിരഭിപ്രായമില്ല. ആ പരിത: സ്ഥിതിയിൽ ഈ ഉത്തരവു ഭേദഗതി ചെയ്യേണ്ടതാണു. എന്നു മാത്രമല്ല കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ ഉത്തരവു ഭേദഗതി ചെയ്യേണ്ടതാണെന്നു വ്യക്തമായ നിർദ്ദേശം രേഖാമൂലം സംസ്ഥാന ഗവൺമെന്റിനു നൽകി യിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. കേരളത്തിലെ കാർഷിക പ്രശ്നങ്ങളെപ്പറ്റി പഠിച്ചിട്ടുള്ള എല്ലാ ആളുകൾക്കും കർഷക സംഘടന കൾക്കും, കാർഷിക തൊഴിലാളി സംഘടനകൾക്കും, കേന്ദ്ര ഗവൺമെന്റിനും ഈ ഗവൺമെന്റിനും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു തർക്കവുമില്ലാത്ത പരിത:സ്ഥിതിയിൽ ഈ ഉത്തരവു മാറ്റി എഴുതണം. കർഷകർ ഇതു ആവശ്യപ്പെട്ടു തുടങ്ങിയിട്ടു നാളുകൾ വളരെയേറെയായി. ഇന്നുവരെ ഗവൺമെന്റിനു അതിനു സാധിച്ചിട്ടില്ല. എന്താണു ഇതിന്റെ പിറകിലുള്ള കാര്യമെന്നതു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കു ന്നില്ല. നിരുപദ്രവകരമായ ഒരു കാര്യമാണു ഇതു. കർഷകരെ സംബ ന്ധിച്ചിടത്തോളം ഇന്നു കിടക്കുന്ന പടുകുഴിയിൽനിന്നും കരകയറാനുള്ള ഒരു ശ്രമമാണു. അതുപോലെ തന്നെ നിത്യ ദാരിദ്ര്യത്തിൽ കഴിയുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അൽപ്പം ആശ്വാസം പകർന്നു കൊടുക്കാൻ വേണ്ടി ഗവൺമെന്റിൽ നിവേദനം നടത്തുമ്പോൾ ഗവൺമെന്റു അതിന്റെ നേരെ കണ്ണടയ്ക്കുന്നതു എന്തിനാണെന്നു മനസ്സിലാകുന്നില്ല. ഒരു പെറുക്കൻ ഒരു പെണ്ണിനെ കല്യാണം കഴിക്കാൻ ആഗ്രഹിക്കുന്നു, വീട്ടു കാർക്കു മുഴുവൻ ഇഷ്ടം, നാട്ടുകാർക്കു മുഴുവൻ ഇഷ്ടം, അവന്റെ സുഹൃ ത്തുക്കൾക്കു മുഴുവൻ താൽപര്യം, എന്നിട്ടും അവനു കല്യാണം കഴിക്കാൻ സാധിക്കുന്നില്ല എന്നു പറഞ്ഞതുപോലെ കേന്ദ്രഗവൺമെന്റിനും, സംസ്ഥാന ഗവൺമെന്റിനും കർഷകർക്കും, കർഷകസംഘടനകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

കർഷകതൊഴിലാളികൾക്കുമൊക്കെ ഒരുപോലെ താൽപര്യം ഉണ്ടായിട്ടുപോലും ഇക്കാര്യം എന്തുകൊണ്ട് നടക്കുന്നില്ല എന്നു ഞാൻ ചോദിക്കുകയാണ്. തീർച്ചയായും ഇന്നത്തെ അടിയന്തിര പരിത:സ്ഥിതികൂടി കണക്കിലെടുത്തുകൊണ്ട് ഈ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തണം. പക്ഷെ അപ്പുറത്തിരിക്കുന്ന കാർഷികതൊഴിലാളി പ്രവർത്തകരായ സുഹൃത്തുക്കളും ഒരു പക്ഷേ പറഞ്ഞേക്കും ഇങ്ങനെ ഒരു ഉത്തരവ് ഭേദഗതി ചെയ്താൽ, നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മുഴുവൻ മറ്റ് കൃഷി ചെയ്യാൻ അനുവദിക്കുന്ന നിയമം ഉണ്ടാക്കിയാൽ, അല്ലെങ്കിൽ ഇന്ന് നിലവിലുള്ള നിരോധനം പിൻവലിച്ചാൽ കർഷകതൊഴിലാളികൾക്ക് മുഴുവൻ ജോലി നഷ്ടപ്പെടുമെന്ന്. വിമർശനരൂപേണ അപ്പുറത്തിരിക്കുന്ന കർഷക സംഘടനകളിൽ പ്രവർത്തിക്കുന്ന ബഹുമാന്യരായ സുഹൃത്തുക്കളും അത് ഉന്നയിച്ചില്ലെങ്കിലും അങ്ങനെ പറയാൻ ഉദ്ദേശമുണ്ടെന്നു എനിക്ക് തോന്നുന്നു. പക്ഷെ അവരോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നത് കാർഷിക പ്രശ്നങ്ങളും തൊഴിലാളികളുടെ പ്രശ്നങ്ങളും മറ്റും കൂടുതലായി പ്രായോഗികമായ രീതിയിൽ കണ്ട് മനസ്സിലാക്കിയിട്ടുള്ള കർഷകരുടെ എല്ലാ കാര്യങ്ങളിലും ഇടപഴകിയിട്ടുള്ള, കാർഷിക തൊഴിലാളികളുടെ വികാരങ്ങളും വിചാരങ്ങളും മറ്റുള്ളവരെക്കാൾ കൂടുതൽ അറിയാവുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ കർഷകതൊഴിലാളികൾക്ക് ഒരു നഷ്ടവും ഉണ്ടാകുകയില്ല എന്നാണ് ഞാൻ പറയുന്നത്. കാരണം ഇന്ന് പ്രത്യേകിച്ച് 1,35,000 ഏക്കർ കൃഷി സ്ഥലം ഉണ്ടെന്നു അറിയപ്പെടുന്ന കുട്ടനാട് പ്രദേശത്ത് കൃഷി സീസണലാണ്. ഒരു പ്രാവശ്യം മാത്രമേ അവിടെ കൃഷി ചെയ്യുന്നുള്ളൂ. ധാരാളം കായൽപ്രദേശം ആയതുകൊണ്ട് 70, 75 ദിവസത്തിൽ കൂടുതൽ കൃഷിപ്പണിക്കു സൗകര്യം കിട്ടുന്നില്ല. അങ്ങനെ 70, 75 ദിവസം മാത്രം കൃഷിപ്പണി ചെയ്തിട്ട് ബാക്കി ദിവസങ്ങളിൽ തൊഴിലില്ലാതെ കഴിയുന്ന കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഈ നിയമം ഭേദഗതി ചെയ്യുന്നതുകൊണ്ട് മറ്റ് എന്തെങ്കിലും വൈഷമ്യം അവർക്കു ഉണ്ടാകുമെന്നു തോന്നുന്നില്ല. കർഷകർ മറ്റ് കൃഷികളിലേക്ക് മാറുകയാണെങ്കിൽ തീർച്ചയായും കൂടുതൽ തൊഴിൽ അവസരം തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യും. തന്നെയുമല്ല അവിടെ മൽസ്യ വ്യവസായത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് ഗവൺമെൻറിൽനിന്ന് സബ്സിഡി കൊടുക്കുന്ന പദ്ധതി ഉണ്ട്. പക്ഷെ അതിനു അപേക്ഷയുമായി ചെല്ലുമ്പോൾ കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് നിലവിലിരിക്കുന്നതുകൊണ്ട് കൃഷിക്കാർക്ക് സാമ്പത്തികസഹായം ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നു ബാങ്കുകളും മറ്റ് ഫൈനാൻഷ്യൽ സ്ഥാപനങ്ങളും പറയുന്നുണ്ട്. കൊക്കോ, മുതലായ വിളകൾ ഉൽപ്പാദിപ്പിക്കാൻ വളരെയധികം സ്കോപ്പ് കുട്ടനാട് പ്രദേശത്തു ഉണ്ട്. അതിനു പറ്റിയ മണ്ണാണ് അവിടെ ഉള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കായൽ റിക്ലമേഷൻ നടത്തി ഒരു ഏക്കർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്യുന്നതിന് 10,500 രൂപാ വരെ സഹായം നൽകാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുകയാണ്. പക്ഷെ അത് നടപ്പിലാക്കണമെങ്കിൽ ലാൻഡ് യൂട്ടിലൈസേഷൻ ആർഡറിൽ കാര്യമായ മാറ്റം വരുത്തണം. അതുകൊണ്ട് നെൽക്കൃഷിയുടെ ഇന്നത്തെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ട് എത്രയും വേഗം ലാൻഡ് യൂട്ടിലൈസേഷൻ ആർഡറിൽ വേണ്ട ഭേദഗതി വരുത്തി കൃഷിക്കാർക്ക് അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് ഈ ഗവൺമെൻറ് മടികാണിക്കരുതെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ടും അതിനനുകൂല

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു സാഹചര്യം ഗവൺമെൻറ് ഉണ്ടാക്കുമെന്നുള്ള വിശ്വാസത്തോടു കൂടിയും ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. ടി.എം. ജേക്കബ്: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അവരിന്ന് ചെകുത്താനും കടലിനുമിടയ്ക്കു കിടക്കുന്ന സ്ഥിതിയിലാണ്. കാർഷിക മേഖലയിലുണ്ടാകുന്ന പുരോഗതിയിൽകൂടി മാത്രമേ ഏതു രാജ്യത്തിനും പുരോഗമിക്കാൻ സാധിക്കൂ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കേരളത്തിലെ കർഷകരെ സംബന്ധിച്ചു പറയുമ്പോൾ അവർ ഇന്ന് വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ മറ്റു കാർഷികോൽപ്പന്നങ്ങളിലേക്ക് കടന്നു സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ ഇന്ന് ഒരേക്കർ സ്ഥലത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് വിറ്റഴിക്കുമ്പോൾ അതിന്റെ ഉൽപ്പാദനത്തിനുവേണ്ടി മുടക്കുന്ന തുകപോലും ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇതാണ് ഇന്ന് നമ്മുടെ നാട്ടിലുള്ള ഒരു സാഹചര്യം. അതിന് മാറ്റമുണ്ടാക്കേണ്ടത് അത്യാവശ്യമാണ്. ശ്രീ. കെ.ജെ. ചാക്കോ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഭക്ഷ്യദൗർലഭ്യം കൊടുമ്പിരികൊണ്ടിരുന്ന കാലഘട്ടത്തിൽ നടപ്പിലാക്കിയിരുന്ന ഓർഡർ ദേഗതി ചെയ്യണമെന്നാവശ്യപ്പെടുമ്പോൾ സാദ്ധ്യമല്ല എന്ന സമീപനം ഗവൺമെൻറ് സ്വീകരിക്കുകയില്ല എന്നാണ് എനിക്കു തോന്നുന്നത്. കാരണം കർഷകനെ സംബന്ധിച്ചിടത്തോളം അവനെ സംരക്ഷിക്കേണ്ട ചുമതല ഗവൺമെൻറിനുണ്ട്. ഇത് വളരെ നാളായി പറഞ്ഞിട്ടുള്ള കാര്യമാണ്. അന്ന് അതിനെ എതിർത്തിരുന്ന ആളുകൾക്കുപോലും മാറ്റം വന്നിട്ടുണ്ട്. കർഷകത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്നാണ് ചില ആളുകൾ ആക്ഷേപിച്ചത്. ഒരിക്കലും അങ്ങനെയല്ല. നെൽകൃഷിയാണെങ്കിൽ കർഷകത്തൊഴിലാളികൾക്ക് സീസണലായിട്ടേ വർക്ക് കിട്ടുകയുള്ളൂ. മറ്റ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുമ്പോൾ നിരന്തരമായി ജോലികിട്ടുന്ന സാഹചര്യം ഉണ്ടാകും. നെൽപ്പാടങ്ങൾ മറ്റു കൃഷികൾ ചെയ്യുന്നതിന് ഉപയോഗിച്ചാൽ തൊഴിലാളികൾക്ക് നിരന്തരമായി ജോലി ലഭിക്കും. ഒരു കർഷകനെ സംബന്ധിച്ചിടത്തോളം അവന്റെ ഭൂമിയിൽ ഏതു കൃഷി ചെയ്യാനുമുള്ള അവസരം കൊടുക്കണം. ഇന്ന് നെല്ലുൽപ്പാദിപ്പിക്കുന്ന പാടങ്ങളിൽ മറ്റുൽപ്പന്നങ്ങൾ തെങ്ങ്, കൊക്കോ തുടങ്ങിയ ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുകയാണെങ്കിൽ തീർച്ചയായും വളരെയേറെ തൊഴിലവസരങ്ങൾ അവിടെ ലഭിക്കും. ഡോ: സ്വാമിനാഥൻ ഇതിനെക്കുറിച്ച് വളരെ വിദഗ്ദ്ധമായ ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അദ്ദേഹം കേന്ദ്രഗവൺമെൻറിന്റെ കൃഷിവകുപ്പിൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡോ: സ്വാമിനാഥന്റെ റിപ്പോർട്ടിൽ വളരെ കാര്യമായി പറഞ്ഞിരിക്കുന്ന ഒരു സംഗതി, കേരളത്തെ സംബന്ധിച്ചു പറയുമ്പോൾ നാണ്യവിളകൾ കൂടുതലായി ഉൽപ്പാദിപ്പിക്കണമെന്നാണ് കേഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം നാണ്യവിളകളുടെ ഉൽപ്പാദനത്തിനു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട് ഇവിടെനിന്ന് ഇന്ന് നെല്ല് കയറ്റിഅയയ്ക്കാനുള്ള സ്ഥിതിവിശേഷത്തിലേക്കു മാറ്റിക്കഴിഞ്ഞിട്ടുണ്ട്. അരിയും നെല്ലും കയറ്റി അയയ്ക്കാൻ പോകുന്നു. ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തതയിലേക്ക് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽനിന്നും കേരളത്തിലെ കർഷകനെ സംരക്ഷിക്കേണ്ട ചുമതലയുണ്ട്. റേഷൻകടകളിലേക്ക് ആരും പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യമന്ത്രിക്ക് എത്രയോ സ്വസ്ഥമായി ഈ സഭയിൽ ഇരിക്കാൻ സാധിക്കുന്നു. ഒരു കാലഘട്ടത്തിൽ ഭക്ഷ്യമന്ത്രിമാർക്കെതിരായി മുദ്രാവാക്യം മുഴക്കുകയും ഭക്ഷ്യമന്ത്രിമാരെ കുറ്റം പറയുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഇന്ന് ഭക്ഷ്യമന്ത്രി ശ്രീ. ടി. എസ്. ജോൺ സ്വസ്ഥനായി ഇരിക്കുകയാണ്. റേഷൻ കടകളിലേക്ക് ആരും പോകുന്നില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ നിലയിൽ നമ്മുടെ രാജ്യത്തെ പൊതുവായ സ്ഥിതിഗതിയെക്കുറിച്ച് പരിശോധിക്കുമ്പോഴും, കൃഷ്യ കാര്യത്തിൽ സ്വയം പര്യാപ്തതയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ കർഷകർ വിശേഷിച്ച് കുട്ടനാട്, പാലക്കാട്, തൃശ്ശൂർ മേഖലയിലെ കർഷകരെ വളരെ രൂക്ഷമായി ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട ഗവൺമെൻറും മന്ത്രിയും ഈ കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണമെന്നും കേരള ലാൻറ് യൂട്ടിലൈസേഷൻ ആക്ട് ഭേദഗതി ചെയ്തു കൊണ്ട് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിക്കുകയാണ്.

ശ്രീ. പി.ആർ. ഫ്രാൻസിസ്: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ' 'ഈ സഭ സംസ്ഥാന ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു'' എന്നതിനു പകരം ''ഈ സഭ ഐകകണ്ഠ്യേന ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു'' എന്നാക്കണം. ഇതാണ് എന്റെ ഭേദഗതി. നമ്മുടെ കൃഷ്യവിളകളിൽ പ്രധാനമായ നെൽകൃഷി ചെയ്തുകൊണ്ട് കൃഷിക്കാർ ദിവസേന നശിച്ചുകൊണ്ടിരിക്കുകയാണ്. കൃഷ്യക്ഷാമം ഇന്നില്ല. നമ്മുടെ സംസ്ഥാനത്തേക്ക് അരിയും ഗോതമ്പും മറ്റു കൃഷ്യസാധനങ്ങളും മറ്റു സംസ്ഥാനങ്ങളിൽനിന്ന് വളരെയധികം വന്നുകൊണ്ടിരിക്കുകയാണ്. കൃഷ്യക്ഷാമം കഴിഞ്ഞ നാലഞ്ചു കൊല്ലമായി നമുക്കില്ല. എന്നാൽ നാണ്യ വിളകളും ഉണ്ടാക്കേണ്ട കാര്യത്തിൽ നാം കുറേക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. കേന്ദ്ര കൃഷ്യമന്ത്രി ചിക്കമിനി അണക്കെട്ടിനു തറക്കല്ലിടാൻ കേരളത്തിൽ വന്ന അവസരത്തിൽ കേരളീയരോട് പ്രത്യേകിച്ചും പറഞ്ഞു, നിങ്ങളും കൃഷ്യവിള കൃഷിചെയ്യണമെന്നില്ല ഈ രാജ്യത്തിനു യോജിച്ചവിധത്തിലുള്ള നാണ്യവിളകളും കൃഷി ചെയ്യണം. അതിനുവേണ്ട പ്രോൽസാഹനം കേന്ദ്രത്തിൽനിന്ന് തരുന്നതാണെന്ന്. അതുകൊണ്ട് ഈ നാട്ടിലെ കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഈ റസലൂഷൻ ഐകകണ്ഠ്യേന പാസാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സിറിയക് ജോൺ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ 8-ാമത്തെ വരിയിൽ 'ഓർഡർ' എന്നതിനുശേഷം 'ഉടനടി' എന്നുകൂടി ചേർക്കുക. ഇതാണ് എന്റെ ഭേദഗതി.

ഈ പ്രമേയം കേവലം എക്സിക്യൂട്ടീവ് ഓർഡർ പിൻവലിക്കുകയെന്നുള്ളതു മാത്രമല്ല. ഈ പ്രമേയത്തിൽ മനുഷ്യന്റെ മൗലികാവകാശ പ്രശ്നംപോലും ഉൾക്കൊള്ളുന്നുണ്ടെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ രാജ്യത്ത് മറ്റു രംഗങ്ങളിൽ കൃഷിചെയ്യുന്നവരെ അപേക്ഷിച്ച് നെൽകൃഷി ആദായകരമല്ല. അതുകൊണ്ട് മറ്റു തുറകളിൽ പരീക്ഷിച്ചു നോക്കുന്നതിന് അവർക്ക് അവസരം കൊടുക്കണം. നോട്ടം കൃഷിയായാലും ശരി മറ്റു കൃഷികളായാലും ശരി, നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഇന്ന് പൂർണ്ണമായും നഷ്ടമാണ്, അതിൽ ആരും തർക്കം

LIBRARY ARCHIVES Kerala Legislative Assembly

പറയുമെന്ന് എനിക്കു തോന്നുന്നില്ല. ഗവൺമെൻറിന്റെ കണക്കുതന്നെ വളരെ പ്രകടമായി അതു തെളിയിക്കുന്നുണ്ട്. കുട്ടനാട്ടിലെ മിച്ച ഭൂമിയിൽ ഗവൺമെൻറ് നേരിട്ടു കൃഷിയിറക്കി. മുടക്കിയ മുതലിന്റെ പകുതിപോലും ഗവൺമെൻറിനു കിട്ടിയില്ല എന്നുള്ളത് ഒരു വസ്തുത യാണ്. അപ്പോഴാണ് നെൽകൃഷി നഷ്ടത്തിലാണെന്നുള്ളത് ശരിയാണ്. അതേയവസരത്തിൽ മറെറാരു സാഹചര്യത്തിലായിരുന്നെങ്കിൽ നെൽകൃഷി നഷ്ടമാണെന്നുള്ളതിന്റെ പേരിൽ പാടേ ഉപേക്ഷിക്കണമെന്നു പറയാൻ നിർവ്വാഹമുണ്ടായിരുന്നില്ല. ഒരു കാലത്ത് നാം കേഷ്യകഷ്ടാമംകൊണ്ട് കൊടുമ്പിരികൊള്ളുകയായിരുന്നു. അക്കാലത്ത് നാം നെൽകൃഷി വർദ്ധി പ്പിക്കുന്നതിന് പ്രോൽസാഹനം കൊടുത്തിരുന്നു. ഇന്ന്, നമ്മുടെ രാജ്യം കേഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തമായിരിക്കുകയാണ്. കേഷ്യസാധനങ്ങൾ കയററി അയയ്ക്കുന്നതിനെ സംബന്ധിച്ചുപോലും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ സിംഗിം സോൺ ആക്കിയിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്ന് കേഷ്യധാന്യങ്ങൾ കൊണ്ടുവരുന്നതിന് യാതൊരു തടസ്സവുമില്ല. ഈയൊരു സാഹചര്യത്തിൽ ഇവിടത്തെ നെൽകൃഷിക്കാരെ മാത്രം നിയമ ത്തിന്റെ കുരുക്കിൽ കെട്ടിയിടണമെന്നുള്ളത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒന്നാമത് കേഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കാതിരു ന്നാൽ അതുവഴി മറെറന്തെങ്കിലും സാഹചര്യം വരുമ്പോൾ ഇതര സംസ്ഥാ നങ്ങളിൽനിന്ന് ഇങ്ങോട്ടു കടത്തിക്കൊണ്ടുവരാൻ സാദ്ധ്യമാകാത്ത പരിത: സ്ഥിതി വരികയാണെങ്കിൽ അല്ലെങ്കിൽ മറെറവിടെയെങ്കിലും കൃഷി നാശം ഉണ്ടാവുകയാണെങ്കിൽ ഇവിടെയുള്ളവരെ സംബന്ധിച്ചിടത്തോളം പ്രശ്നമാണ്. അങ്ങനെയാണെങ്കിൽതന്നെ കേരളത്തിലെ നെൽകൃഷിക്കാർ മാത്രം യാതന സഹിച്ചുകൊണ്ട് ഈ നാട്ടിലെ ജനങ്ങളെ തീററിപ്പോററണമോ? ഇങ്ങനെ എത്രകാലം അവർക്ക് നഷ്ടം സഹിച്ചുകൊണ്ട് ഈ കൃഷിയിൽ ഉറച്ചുനിൽക്കാൻ കഴിയും.

മറെറാന്ന് ഇതുവഴി തൊഴിലാളികളുടെ തൊഴിലവസരം നഷ്ടപ്പെ ടുമോ എന്നൊരു സംശയമാണ്. തൊഴിലവസരം നഷ്ടപ്പെടുകയില്ലെന്നു മാത്രമല്ല അവിടെ മറെറന്തെങ്കിലും ഉപയുക്തമായ കൃഷി ചെയ്യുന്നതു വഴി കൂടുതൽ തൊഴിലവസരം ഉണ്ടാവുകയും ചെയ്യും. പെട്ടെന്ന്, താൽക്കാലികമായി അവരുടെ തൊഴിലവസരങ്ങൾ കുറയുകയാണെങ്കിൽ തന്നെ ദൂരവ്യാപകമായി ചിന്തിക്കുകയാണെങ്കിൽ അതുവഴി തൊഴിലവ സരം വർദ്ധിക്കുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയിൽതന്നെ സാര മായ മാററങ്ങൾ ഉണ്ടാകും. സമ്പദ്ഘടനയിൽ മാററങ്ങൾ ഉണ്ടായിക്കഴി ഞ്ഞാൽ അതുവഴി കൂടുതൽ തൊഴിലവസരങ്ങളും തൊഴിലാളി ക്ഷേമകര ങ്ങളായ പുതിയപുതിയ പദ്ധതികളും പരിപാടികളും ഉണ്ടാക്കാൻകഴിയും. അപ്പോഴാകട്ടെ ദൂരക്കാഴ്ചയോടുകൂടിയുള്ള ഒരു സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണം. നെൽക്കൃഷി നഷ്ടമായിരിക്കെ മറെറന്തെങ്കിലും അനു യോജ്യമായ കൃഷി ചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കുന്നത് യാതൊരു കാരണവശാലും നീതീകരിക്കത്തക്കതല്ല; അത് നമ്മുടെ രാജ്യത്തിന് ആപൽ ക്കരമായ ഒരു പ്രവണതയാണ്. എന്തു പുരോഗമനപരമായ പരിപാടി കളെക്കുറിച്ചു ചിന്തിക്കുമ്പോഴും അത് കുറെ തൊഴിലാളികൾക്കു ദോഷ കരമാണെങ്കിൽ, പിന്നീട് ആ തൊഴിലാളികൾക്കുതന്നെ പൂർവ്വാധികം പ്രയോജനകരമാണെങ്കിലും ശരി, കുറച്ചു തൊഴിലാളികളുടെ താൽക്കാ ലികമായ അതൃപ്തി ഭയപ്പെട്ട് പുരോഗമനപരമായപരിപാടികൾ പോലും നടപ്പിലാക്കുന്നതിന് അറച്ചുനിൽക്കുന്ന ഒരു സമീപനം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തുണ്ട്. അതാണ് പുരോഗമനമെന്ന് വിശ്വസിക്കുന്നവരുണ്ട്. അതു ശരിയല്ല. ദൂരവ്യാപകമായ, ശാസ്ത്രീയമായ കാഴ്ചപ്പാടോടു കൂടി ഇതിനെ സമീപിക്കണം. അതുകൊണ്ട് ഏത് കാഴ്ചപ്പാടിലൂടെ നോക്കിയാലും ശരി ഈ ഓർഡർ കാലപ്പഴക്കം ചെന്നതാണ്, ഈ നാട്ടിന്റെ ഇന്നത്തെ സ്ഥിതിക്കു നിരക്കാത്തതാണ്. അതുകൊണ്ട് ഇത് പിൻവലിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അൽപ്പംപോലും അറച്ചു നിന്നുകൂടാ എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്.

ശ്രീ. ഇ. നാരായണൻ നായർ: സർ, പ്രമേയത്തിലെ ഏഴാമത്തെ വരിയിലെ ''ലാന്റഡ് യൂട്ടിലൈസേഷൻ ഓർഡർ'' എന്നതിനുശേഷം ''നെൽക്കൃഷിക്കാരന് അനുകൂലമായ വിധത്തിൽ'' എന്നു ചേർക്കുക. എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. കെ.ജെ. ചാക്കോ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കീടബാധമൂലവും ഉൽപ്പന്നങ്ങളുടെ അമിതമായ വിലയിടിവുമൂലവും—ഉൽപ്പന്നങ്ങളുടെ അമിതമായ വിലയിടിവ് എന്നുപറയുന്നത് ഇപ്പോഴത്തെ പ്രസക്തമല്ല—താങ്ങുവിലകൊടുത്തുകൊണ്ടിരിക്കുകയാണല്ലോ. അതുകൊണ്ട് അമിതമായ വിലയിടിവ് വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നില്ല. താങ്ങുവില നെൽകൃഷിക്കാരനും കപ്പകൃഷിക്കാരനും കൊടുക്കുന്നതിനാൽ വിലയിടിവ് ഉണ്ടാകാൻ ഇടയില്ല. ഉൽപ്പാദനച്ചെലവിൽ ഇപ്പോഴത്തെ പുതിയ നികുതികളെല്ലാം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിലും വളത്തിന് വില കയറിയതിന്റെ അടിസ്ഥാനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. നഷ്ടം സഹിച്ചുകൊണ്ട് നെൽക്കൃഷി നടത്തിക്കൊണ്ടിരിക്കുന്ന കൃഷിക്കാരന് മറേതെങ്കിലും കൃഷിനടത്താൻ പ്രതിബന്ധമായി നിൽക്കുന്ന കേരളാ ലാൻറ് യൂട്ടിലൈസേഷൻ ആക്ടിൽ വരുത്തിയ ഭേദഗതി എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം. സർ, നെൽക്കൃഷി ചെയ്താൽ അത് ചെയ്യുന്നവന് ഒരു ശിക്ഷയാണ്. നെൽക്കൃഷി ചെയ്താൽ അവൻ ഉൽപ്പാദിപ്പിക്കുന്നത് ഒരു പ്രത്യേക വിലയ്ക്ക് കൊടുത്തുകൊള്ളണമെന്നാണ് വ്യവസ്ഥ. അതേയവസ്സരത്തിൽ ആ സ്ഥലത്ത് അവൻ കപ്പയിട്ടാൽ കുഴപ്പമില്ല. നിയന്ത്രണമില്ല; മറെറാന്നുമില്ല. ആ സ്ഥലത്ത് വാഴനട്ടാൽ കുഴപ്പമില്ല. നെൽക്കൃഷി ഉണ്ടാക്കിപ്പോയോ—എങ്കിൽ അത് പ്രത്യേക നിയന്ത്രണവിലയ്ക്ക് കൊടുത്തു കൊള്ളണം (നഷ്ടമായാലും ലാഭമായാലും). നഷ്ടവും ലാഭവും ഒന്നും ഗവൺമെൻറിന് പ്രശ്നമല്ല; അതൊന്നും നോക്കേണ്ടകാര്യവുമില്ല. പക്ഷേ ഇപ്പോഴത്തെ താങ്ങുവില കൊടുത്തതുകൊണ്ടു നഷ്ടം ഉണ്ടാകാൻ ഇടയില്ല. മറെറാരു കാര്യം കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അവൻ ഉൽപ്പാദകനാണ്. ഉൽപ്പാദകനെ സംബന്ധിച്ചിടത്തോളം അവൻ ഉപഭോക്താവാകുന്ന രംഗമുണ്ട്. ഈ നെല്ല് വിററിട്ട്, നിയന്ത്രിതവിലയ്ക്ക് വിററ് കിട്ടി ആ കാശുംകൊണ്ട് അവന്റെ കുടുംബത്തിനാവശ്യമായ വിഭവങ്ങൾ വാങ്ങാൻ മാർക്കറെറിൽ പോയാൽ അവിടെ എവിടേയും നിയന്ത്രണമില്ല. അവന്റെ കുഞ്ഞുകുട്ടികൾക്കാവശ്യമായ വസ്ത്രം വാങ്ങാൻ പോയാൽ അവിടെ നിയന്ത്രണമില്ല, പുസ്തകം വാങ്ങാൻ പോയാൽ നിയന്ത്രണമില്ല, മററു കൗശ്യസാധനങ്ങൾ വാങ്ങാൻ പോയാൽ അവിടെ നിയന്ത്രണമില്ല. ഒരു സാധനം വാങ്ങാൻപോയാലും നിയന്ത്രണമില്ല. അവന്റെ ഉൽപ്പന്നങ്ങൾക്ക് മാത്രം അവന്റെ ഉൽപ്പാദനത്തിന്മാത്രം നിയന്ത്രണം വയ്ക്കുന്ന അശാസ്ത്രീയമായ ഒരു സമ്പ്രദായമാണ് നമ്മുടെ ഈ സ്റെറററിൽ കൃഷിയെ സംബന്ധിച്ചിടത്തോളം ഇന്ന് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. ഭൂമിയിൽ അവന് ഇഷ്ടമുള്ള ആദായകരമെന്നു തോന്നുന്ന

LIBRARY ARCHIVES Kerala Legislative Assembly

കൃഷിചെയ്യാൻ അവകാശവും അധികാരവും ഉണ്ട്. സർ, ഇത് ഭരണഘടനാ വിരുദ്ധമാണെന്ന് പറയുന്നതിനോട് എനിക്ക് യോജിക്കാൻ സാദ്ധ്യമല്ല. കാരണം രാജ്യം ഒരു അടിയന്തിരഘട്ടത്തെ നേരിടുന്ന സന്ദർഭത്തിൽ രാജ്യത്തു ഏതു വിഭവമാണോ ആവശ്യം ആ വിഭവം ഉൽപ്പാദിപ്പിക്കാൻ നിയമം ഉണ്ടാക്കാനും രാജ്യത്തെ നിയന്ത്രിക്കാനും രാജ്യത്തെ കൃഷിക്കാരനെ നിയന്ത്രിക്കാനും കൃഷിക്കാരന് നിർദ്ദേശംകൊടുക്കാനും ഇത്തരം ലാൻറ് യൂട്ടിലൈസേഷൻ ആക്റ്റ് ഉണ്ടാക്കാനുമെല്ലാം തന്നെ ഭരണഘടന അനുശാസിക്കുന്നുണ്ട്. ഇത് ഭരണഘടനാ വിരുദ്ധമാണെന്നുള്ള വാദങ്ങളൊക്കെ അസ്ഥാനത്താണ്. അതുശരിയല്ല. ഏതായാലും ഈ ഓർഡർ എടുത്തു കളയണം. കൃഷിക്കാരന് ആവശ്യമുള്ളപ്പോൾ കൊണ്ടുവന്നാൽ മതി. ഇപ്പോൾ കൃഷിക്കാരന് ഇത് ദോഷം ചെയ്യും. കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അവൻ ഉൽപ്പാദകനാകുന്ന സ്ഥലത്തുമാത്രമേ നിയന്ത്രണമുള്ളു. അവൻ ഉപഭോക്താവാകുന്ന സ്ഥലത്ത് യാതൊരു നിയന്ത്രണവുമില്ല. എനിക്ക് നെൽക്കൃഷി ചെയ്യുന്ന 30 സെൻറ് സ്ഥലമുണ്ടായിരുന്നു. നഷ്ടമായതുകൊണ്ടു ഞാനത് കിളച്ച് തെങ്ങിൻതൈ വച്ചിരിക്കുകയാണ്. എല്ലാപേരും നെൽക്കൃഷിചെയ്യുന്ന സ്ഥലത്ത് മറ്റ് കൃഷികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കാരണം നെൽക്കൃഷി നഷ്ടമാണ്. നാളികേരമാണ് ലാഭം. അതിനുള്ള അനുവാദം ഉണ്ടാകണം. ലാൻറ് യൂട്ടിലൈസേഷൻ ഓർഡർ നീക്കിക്കളയണമെന്നുള്ള ഈ പ്രമേയത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. ഇ.കെ. പിള്ള: സർ, പ്രമേയത്തിൽ മൂന്നാം വരിയിൽ "നഷ്ടം" എന്നതിന് മുൻപിൽ "പ്രകൃതിക്ഷോഭം മൂലവും" എന്നുകൂടി ചേർക്കണം എന്ന ഭേദഗതി അവതരിപ്പിക്കുകയാണ്. സർ, പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രമേയാവതാരകനും അനുകൂലിച്ചുകൊണ്ടു സംസാരിച്ച മെമ്പറും ഇവിടെ പ്രകടിപ്പിച്ച ആശയങ്ങളോട് ഞാൻ യോജിക്കുകയാണ്. അങ്ങനെ യോജിച്ചുകൊണ്ടുതന്നെ ഞാൻ എൻറെ ഭേദഗതി അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രമേയത്തോട് "പ്രകൃതിക്ഷോഭം മൂലം" എന്നുകൂടി ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. സർ, ഇക്കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായി ഇവിടെ ചർച്ച ചെയ്തുകഴിഞ്ഞിരിക്കുന്നതിനാൽ കൂടുതലായിട്ട് എന്തെങ്കിലും പറയണമെന്ന് എനിക്ക് ആഗ്രഹമില്ല. പക്ഷേ ഈ പ്രമേയം അംഗീകരിച്ചാൽ അത് നടപ്പിലാക്കുന്നതിനുള്ള സമീപനം എന്തായിരിക്കണമെന്ന് മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു. നമ്മുടെ നാട്ടിലെ കൃഷി പൊതുവേ നഷ്ടമാണ്. നെൽക്കൃഷി കൂടുതൽ നഷ്ടമാണ്. നെൽക്കൃഷി പാലക്കാട്ടും, കുട്ടനാട്ടിലും, തൃശ്ശൂരിലെ കോൾനിലങ്ങളിലും ഉള്ളതുമാത്രമല്ല രാജ്യത്തൊട്ടാകെയുള്ള നെൽക്കൃഷിക്കാർ, അതുപേക്ഷിച്ച് മറെറന്തെങ്കിലും കൃഷി ചെയ്യാൻ വളരെ ആഴത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരുകാലഘട്ടമാണ്. അതിനുള്ള മുഖ്യമായ കാരണം ഈ നെൽക്കൃഷിക്കാർക്കു ഇന്നുള്ള മോറിച്ച കൃഷിച്ചെലവ് തുടർന്നുകൊണ്ടുപോകാൻ നിർവ്വാഹമില്ല എന്നുള്ളതുകൊണ്ടുതന്നെ. കൃഷിചെയ്യുന്നത് അവൻറെ കുടുംബത്തെ സംരക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. ഈ നെൽക്കൃഷിചെയ്തതാൽ അതിൽനിന്നും കൃഷിച്ചെലവും മറ്റും കഴിഞ്ഞ് മിച്ചമുള്ളതെടുത്തു തൻറെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസമോ മറെറന്തെങ്കിലും ചെയ്യാനോ കഴിയുമെന്ന് ഇന്ന് ഒരൊറ്റ കൃഷിക്കാരനും വിചാരിക്കുന്നില്ല. അതുകൊണ്ട് നെൽക്കൃഷികളഞ്ഞ് കൂടുതൽ ആദായകരമായ എന്തെങ്കിലും കൃഷിചെയ്യുന്നതിന് സൗകര്യപ്പെടുമോയെന്ന് കൃഷിക്കാരൻ ചിന്തിക്കുന്നത് ന്യായമാണ്. അതു നിശ്ചയമായും അവരുടെ ഉള്ളിൽതട്ടിയ ചിന്തയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള സഹകരണം ഈ രാജ്യത്ത് ഉണ്ടാകണം. ഒറ്റവാക്കിൽപറഞ്ഞാൽ അവനവന്റെ കൈവശം ഇരിക്കുന്ന ഭൂമിയിൽ എന്തുകൃഷിചെയ്യും, സ്വന്തം ജീവിതം എങ്ങനെ മെച്ചപ്പെടുത്താൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം തീരുമാനമെടുക്കാനുള്ള അവകാശം അതാത് കൃഷിക്കാരനു ഉണ്ടായിരിക്കണമെന്നുള്ള തത്വത്തോടു ഞാൻ യോജിക്കുകയാണു. അതേസമയത്തു ആ തത്വം പ്രായോഗികമാകുമ്പോൾ ഇവിടെയുള്ള ഒരു ബുദ്ധിമുട്ടിനെക്കുറിച്ചു മാത്രമേ ഞാൻ ചൂണ്ടിക്കാണിക്കുന്നുള്ളു. നമ്മുടെ രാജ്യത്തു ഈ കൃഷിക്കാരനെ സഹായിക്കുന്ന ഏറ്റവും വലിയ ശക്തിയാണു ഈ കർഷകത്തൊഴിലാളി. കർഷകത്തൊഴിലാളിയുടെ സംഘടന ഇങ്ങനെ ഈ നെൽപ്പാടങ്ങളിലെല്ലാം മറ്റു കൃഷിനടത്തിയാൽ തൊഴിൽ നഷ്ടപ്പെടുമെന്നു പറയും; അതേസമയം കൃഷിക്കാരൻ പറയും അവർക്കു ലാഭമുണ്ടാകുമെന്നു. ഇങ്ങനെ രണ്ടുവീക്ഷണഗതിയുണ്ടു. ഇതിൽ ഏതു തെറ്റു ഏതുശരിയെന്നു തർക്കിക്കുകയല്ല പ്രധാനമായപ്രശ്നം. നേരേമറിച്ചു ഈ രണ്ടു വിഭാഗക്കാരും ഈ കാർഷികോൽപ്പാദനരംഗത്തു യോജിച്ചു പ്രവർത്തിക്കുന്നവരായതുകൊണ്ടു അവരെ രണ്ടുകൂട്ടരേയും യോജിപ്പിച്ചു ചർച്ചചെയ്തു കർഷകത്തൊഴിലാളികൾക്കു ജോലി ഒട്ടും കുറയാതെയുള്ള സാഹചര്യം അവരെ ബോദ്ധ്യപ്പെടുത്തി, അങ്ങനെ ഈ പ്രമേയം പാസ്സായാലും അതു നടപ്പിലാക്കുന്ന സാഹചര്യത്തെ സംബന്ധിച്ചിടത്തോളം മാത്രമാണു എനിക്കു പ്രധാനമായിട്ടും ചൂണ്ടിക്കാണിക്കാനുള്ളതു.

മറ്റൊരുകാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണു: ഇന്നലെയും ഇന്നും നടന്ന ചർച്ചയിൽ കൃഷിക്കാരുടെ ശത്രുക്കളാണു കർഷകത്തൊഴിലാളികൾ. കർഷകത്തൊഴിലാളികളുടെ ശത്രുക്കളാണു കൃഷിക്കാർ എന്ന ഒരു സമീപനം പൊന്തിവരികയുണ്ടായി. അതുശരിയല്ല സർ. ഞങ്ങളെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാ കിസ്സാൻ സഭയുടെ ശാഖയായ കേരളാ കർഷക സംഘത്തിനു വ്യക്തമായ ലക്ഷ്യമുണ്ടു. ഭൂമിക്കും ഭൂപരിഷ്കരണത്തിനുംവേണ്ടി നിലകൊള്ളുക; കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വർദ്ധിപ്പിച്ചുണ്ടാകുന്ന കാർഷികോൽപ്പന്നങ്ങൾക്കു ന്യായമായവില ലഭ്യമാക്കുക—സാമൂഹ്യമായും, സാമ്പത്തികമായും പിന്നണിയിൽകിടക്കുന്ന കർഷകത്തൊഴിലാളികളുടെ അവകാശസമരങ്ങളെ സഹായിക്കുക; തുടങ്ങിയ പ്രധാനമായ മൂന്നു കടമകളാണു കർഷക പ്രസ്ഥാനം നിർവ്വഹിക്കുന്നതു. അതുകൊണ്ടു കർഷകത്തൊഴിലാളികൾക്കു എതിരാണു കൃഷിക്കാരൻ എന്നു ചിത്രീകരിക്കുന്നതു ശരിയല്ല. കൃഷിക്കാരനും കർഷകത്തൊഴിലാളിയും ഒരു മനുഷ്യന്റെ വലംകൈയും, ഇടംകൈയുമാണു. ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണു. അവർ തമ്മിൽചിലപ്പോൾ അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. അതു എങ്ങനെ പരിഹരിക്കണമെന്നുള്ളതു അവർ തമ്മിൽ ചർച്ചചെയ്തു അവരെ യോജിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള ഒരു സമീപനം നമുക്കു ഉണ്ടാകണം. അങ്ങനെ ഈപ്രമേയം നമ്മൾ പാസ്സാക്കി നടപ്പിലാക്കുന്ന അവസരത്തിൽ ഈ രണ്ടുകക്ഷിക്കാരേയും ഒരുമിച്ചിരുത്തി ചർച്ചചെയ്തു രണ്ടുകൂട്ടർക്കുമുള്ള വാദങ്ങളെ സംബന്ധിച്ചിടത്തോളം പരസ്പരം ബോദ്ധ്യപ്പെടുത്തി പ്രമേയം നടപ്പിലാക്കുന്നതിനുള്ള മുൻകൈ ഗവൺമെന്റു എടുക്കണം. അതായതു പ്രായോഗിക സമീപനത്തിൽ ഒരു സാവകാശം ഉണ്ടാകണം. അതാണു ഈ പ്രമേയം പാസ്സാക്കുന്നതോടുകൂടി നടപ്പിലാക്കേണ്ടതു. സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുവാൻ കഴിയാതെ പോയതിൽ ഞാൻ ഖേദിക്കുകയാണ്. ഈ പ്രമേയം അംഗീകരിക്കണമെന്നും പാസ്സാക്കണമെന്നും പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിക്കുകയുണ്ടായി. അതിനെക്കുറിച്ചെല്ലാം വിശദമായി പ്രതിപാദിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും സമയക്കുറവുകൊണ്ട് ഞാൻ അതിന് മുതിരുന്നില്ല. കേരളത്തിലെ നെൽക്കൃഷിക്കാർക്ക് ഇന്ന് കൃഷി ആദായകരമല്ല ആ കാരണത്താൽ ലാൻറ് യൂട്ടിലൈസേഷൻ ആക്റ് ഭേദഗതി ചെയ്തു മറ്റു കൃഷികൂടി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കണമെന്നുള്ളതാണ് പ്രമേയത്തിലെ സത്ത. ഇതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ നെൽക്കൃഷിക്കാർക്ക് രക്ഷയുണ്ടാവുകയില്ല. കാരണം ആര് ആഗ്രഹിച്ചാലും ആര് ആഗ്രഹിച്ചില്ലെങ്കിലും കേരളത്തിലെ പ്രകൃതിയും ഭൂമിയുടെ കിടപ്പും അനുസരിച്ചു നെൽക്കൃഷി ചെയ്യേണ്ടിടത്ത് നെൽക്കൃഷി മാത്രമേ ചെയ്യാൻ കഴിയുകയുള്ളു. അതിന് ഞാൻ ഒരുദാഹരണം പറയാം. നമ്മുടെ സംസ്ഥാനത്ത് നെല്ലുവിളയുന്ന പ്രധാനപ്പെട്ട രണ്ടു ജില്ലകളാണ് ആലപ്പുഴയും, പാലക്കാടും. ഈ നിയമത്തിൽ ഭേദഗതി വരുത്തിയാൽ പാലക്കാട്ടെ നെൽക്കൃഷിക്കാർക്ക് അതുകൊണ്ട് യാതൊരു ഗുണവും ഉണ്ടാവുകയില്ല. പാലക്കാട്ടെ നെൽപ്പാടങ്ങളുടെ കിടപ്പ് ഇതരകൃഷികൾ ചെയ്യുന്നതിന് അനുയോജ്യമായനിലയിലല്ല. ലാൻറ് യൂട്ടിലൈസേഷൻ ആക്റ് ഭേദഗതി ചെയ്തു കേരളത്തിലെ മുഴുവൻ നെൽക്കൃഷിക്കാരേയും രക്ഷിച്ചുകളയാമെന്നു ആരെങ്കിലും വ്യാമോഹിക്കുന്നുവെങ്കിൽ അതിനോട് യോജിക്കുവാൻ നിർവ്വാഹമില്ല. ഇത് ഞാൻ പറയുന്നത് കേരളത്തിലെ ഭൂരിപക്ഷം നെൽക്കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കുവാനുള്ള ആഗ്രഹം കൊണ്ടാണ്. ചുരുക്കം ചില സ്ഥലങ്ങളിൽ ഈ നിയമം ഭേദഗതി ചെയ്താൽ അതുകൊണ്ട് ഗുണമുണ്ടാവുകയില്ലായെന്നു ഞാൻ പറയുന്നില്ല. കുട്ടനാട്ടിലെ ഒരു വിഭാഗം കൃഷിക്കാരെ രക്ഷിക്കുവാൻ സാധിക്കും. എന്നാൽ മുഴുവൻ കൃഷിക്കാരേയും രക്ഷിക്കുവാൻ കഴിയുകയില്ല. കുട്ടനാട്ടിലെ മുഴുവൻ കൃഷിക്കാരേയും രക്ഷിക്കുന്നതിനുവേണ്ടി ലാൻറ് യൂട്ടിലൈസേഷൻ ആക്റ് ഭേദഗതി ചെയ്തു ഇതര കൃഷി ചെയ്യാനാണ് ആഗ്രഹിക്കുന്നതെങ്കിൽ കുട്ടനാട്ടിലെ പ്രകൃതിയനുസരിച്ച് അത് നടക്കുകയില്ല. കാരണം കുട്ടനാട് പ്രദേശത്ത് നാലഞ്ചാറ് നദികളും ഒഴുകിവരുന്നു. ആ നദിയിലെ വെള്ളം നിയന്ത്രിക്കുവാനാവശ്യമായ സൗകര്യങ്ങളും കുട്ടനാട്ടിൽ ഉണ്ടാകണം. കുട്ടനാട്ടിൽ ഇന്നുള്ള അമ്പതിനായിരം ഏക്കർ നികത്തി ആദായകരമായ ഇതര കൃഷി ആരംഭിക്കുവാനാണ് പോകുന്നതെങ്കിൽ മറ്റുള്ള സ്ഥലത്തെ നെൽക്കൃഷി നശിച്ചുപോകും. ഇപ്രകാരം സംഭവിക്കുന്നത് നദിയിൽ നിന്നും ഒഴുകിവരുന്ന വെള്ളം തടഞ്ഞുനിറുത്തുവാൻ കഴിയാത്തതുകൊണ്ടാണ്. 50,000 ഏക്കറിൽ ഇതരകൃഷി ചെയ്യുമ്പോൾ ബാക്കി നിലങ്ങളിൽ നെൽക്കൃഷി ചെയ്യാൻ ആകാത്ത രീതിയിൽ മടവീഴ്ച കയും പ്രകൃതിയുടെ ദോഷം ബാധിക്കുകയും ചെയ്യും. അപ്പോൾ കുറച്ചു സ്ഥലത്ത് മെച്ചം ഉണ്ടാക്കുന്നതിന് ശ്രമിക്കുമ്പോൾ ഭൂരിപക്ഷം പ്രദേശത്തെ കൃഷി നഷ്ടപ്പെടുകയും കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥാവിശേഷം ഉണ്ടാവുകയും ചെയ്യും. ഇതിന്റെ വാദപ്രതിവാദത്തിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല.

ശ്രീ. കെ.ജെ. ചാക്കോ: ആർ ബ്ലോക്ക് കായൽ കേട്ടിട്ടുണ്ടോ? അവിടെ ഇപ്പോൾ ഏതുതരം കൃഷിയാണ് നടക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കൃഷ്ണൻ: എവിടെയെങ്കിലും പത്തോ ഇരുപതോ മുപ്പതോ നാൽപ്പതോ ഏക്കർ കൺവർട്ട് ചെയ്തുകഴിഞ്ഞാൽ കുട്ടനാട്ടിലെ പ്രകൃതിക്ക് കാര്യമായ ദോഷം വരികയില്ല. കുട്ടനാട് പ്രദേശമാകെ കൺവർട്ട് ചെയ്താൽ ഗുണമുണ്ടാകുമെന്നുള്ള വാദത്തോട് യോജിക്കുവാൻ സാദ്ധ്യമല്ല. കൺവർട്ട് ചെയ്താൽ പണി ജാസ്തിയാകും, കൺവർഷനാണ് നല്ലത് എന്നുള്ള വാദഗതിയോട് ഭാഗികമായി യോജിക്കുന്നതോടൊപ്പം ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ എന്നു പറയുന്നത് അവരുടെ സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്ന ആളുകളല്ല. ജൻമിമാർ ഭൂമികൈവശം വച്ച് ആദായമുണ്ടാക്കുന്നതിനുവേണ്ടി തൊഴിലാളികളെ വച്ച് പണി എടുപ്പിക്കുന്നു. അപ്പോഴും തൊഴിലാളികൾക്ക് ആദായകരമല്ലായെന്നു തോന്നുന്നു. കേരളത്തിലെ ഭൂമിയിൽ കൃഷിക്കാരുടെ പാർട്ടിസിപ്പേഷൻ എത്രയുണ്ടെന്നാണ് കണക്ക്? നെൽക്കൃഷിയായാലും മറ്റുകൃഷിയായാലും ശരി ഭൂമി എടുക്കാത്ത, ഫാമിലി പാർട്ടിസിപ്പേഷനില്ലാത്ത കൃഷിക്കാർക്ക് ഭൂമി കൈവശംവച്ചുകൊണ്ട് കൺവർട്ട് ചെയ്തു തൊഴിലാളികളെ വച്ച് പണിയെടുപ്പിച്ച് ആദായമെടുക്കുവാനാണ് പോകുന്നതെങ്കിൽ കൃഷിക്കാർക്കു നഷ്ടമായിരിക്കും. കർഷകനു ഇന്നു കിട്ടുന്ന കൂലി കൊണ്ട് പണിയെടുക്കാമെന്നു വിചാരിക്കുന്നു. ആദായത്തിനുവേണ്ടി കൃഷി ചെയ്യിക്കുന്ന കൃഷിക്കാരനു ആദായം കിട്ടുന്നില്ലെങ്കിലോ? ഒരു ദാഹരണം പറയാം. നമ്മുടെ സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന സ്ഥലം കൺവർട്ട് ചെയ്തു കൊക്കോ കൃഷിയോ തെങ്ങു കൃഷിയോ പുല്ലുകൃഷിയോ ചെയ്താൽ കൂടുതൽ ആദായം കിട്ടും. എന്നാൽ കേരളത്തിലെ കൃഷിക്കാരും കുട്ടനാട്ടിലെ കൃഷിക്കാരും പുല്ല് നടാൻപോകുന്നില്ല. കാരണം പുല്ല് നടാൻ എട്ടും പത്തും രൂപ കൂലി കൊടുക്കണം. അപ്രകാരം കുട്ടനാട്ടിൽ പുല്ല് നടാൻ ആരെങ്കിലും തയ്യാറാകുമോ? ലാൻഡ് യൂട്ടിലൈസേഷൻ മാതൃകയുടെ അടിസ്ഥാനത്തിൽ ഭൂമിയിൽ മാറ്റംവരുത്താതെ, ഭൂമിയുടെ കൈവശാവകാശത്തിൽ മാറ്റം വരുത്താതെ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരെ രക്ഷിക്കാൻ ആവുകയില്ല. എങ്കിൽ മാത്രമേ അവർക്ക് കിട്ടുന്ന വേലയെങ്കിലും തുടരുവാൻ സാധിക്കുകയുള്ളുവെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള കൈവശഭൂമിയുടെ സ്വഭാവം വച്ചുനോക്കിയാൽ സ്വാഭാവികമായും കർഷകത്തൊഴിലാളികളുടെ വേലദിവസത്തിന്റെ എണ്ണം കുറയാനാണ് സാദ്ധ്യത. അതുകൊണ്ട് ഇത് അംഗീകരിക്കുവാൻ നിർവ്വാഹമില്ല; ഈ പ്രമേയത്തോട് യോജിക്കുവാനും നിർവ്വാഹമില്ല.

ശ്രീ. പി.കെ. ശങ്കരൻകുട്ടി: സർ, പ്രമേയത്തിൽ ''കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ'' എന്നതിനുശേഷം ''ഉടൻ'' എന്നുകൂടി കൂട്ടിച്ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തിന്റെ അന്തസ്സത്തയെ പിന്താങ്ങുകയാണ്. ഇതിനെക്കുറിച്ച് ഇവിടെ പല സ്നേഹിതൻമാരും സംസാരിച്ചുകേട്ടു. ഈ ഓർഡർ അംഗീകരിച്ചുകഴിഞ്ഞാൽ ലാഭകരമായി കൃഷി ചെയ്യാൻ കഴിയുകയില്ലായെന്നാണ് പറയുന്നത്. ഒരിക്കലും ഈ നിയമം പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് വസ്തുത. അത് പാലിക്കപ്പെടുന്നതിനേക്കാൾ കൂടുതൽ ലംഘിക്കപ്പെടുകയാണ്. ബഹുമാനപ്പെട്ട നാരായണൻ നായർ പറയുകയുണ്ടായി. ഇതിന്റെ ഉദ്ദേശലക്ഷ്യം ഇന്ന് മാറിക്കഴിഞ്ഞിരിക്കുകയാണെന്ന്. കുട്ടനാട്ടും പാലക്കാട്ടും പ്രധാനമായിട്ടുള്ളത് നെൽക്കൃഷിയാണ്. അവിടെ മറ്റ് കൃഷികൾ നടത്തുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ സ്വാമിനാഥന്റെ റിപ്പോർട്ടിനേയും, വേൾഡ്ബാങ്ക് റിപ്പോർട്ടിനേയും എഫ്.എ.ആർ. റിപ്പോർട്ടിനേയും മറ്റും സംബന്ധിച്ച് ചില മെമ്പർമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലാഭകരമായി കൃഷി ചെയ്യുവാൻ ഇന്നത്തെ പരിത:സ്ഥിതിയിൽ അനുവദിച്ചുകൊടുക്കേണ്ടതാണ്. അത് രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും നൻമയ്ക്ക് ആവശ്യമാണ്. കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കാർഷികനയത്തിന്റെ അടിസ്ഥാനത്തിൽ കേഷ്യകസ്തമം ഇന്ന് പരിഹരിക്കപ്പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ഭീതിയുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് മാറിയിരിക്കുകയാണ്. അതേ അവസരത്തിൽതന്നെ ശ്രീമാൻ കൃഷ്ണൻ പൂണ്ടിക്കാണിച്ചതായ അഭിപ്രായത്തിന് എതിരല്ല ഈ ഓർഡർ പിൻവലിച്ചാൽ ഉണ്ടാകുന്നത്. ആദായകരമായ കൃഷി കുട്ടനാട്ടിലും ആലപ്പുഴയിലും നെൽക്കൃഷി ആണെങ്കിൽ കൃഷിക്കാർ അതുതന്നെ ചെയ്തുകൊള്ളും സർ. മാത്രമല്ല ഇനി വേണമെന്നുണ്ടെങ്കിൽ തന്നെ കുട്ടനാടും പാലക്കാടും പോലുള്ള സ്ഥലങ്ങളിൽ മറ്റു നാണ്യവിളകളും ആദായകരമായി കൃഷി ചെയ്യാൻ കഴിയുകയില്ല. അതേ അവസരത്തിൽ നെൽക്കൃഷി ചെയ്താൽതന്നെ നഷ്ടമാണ് എന്നു വരികയാണെങ്കിൽ അവർക്ക് മറ്റുതരത്തിലുള്ള സബ്സിഡി കൊടുക്കണം. അവരെ നെൽക്കൃഷി നിലനിറുത്താൻ സഹായിക്കണം. എന്നു മാത്രമല്ല അവിടെത്തന്നെ കൂടുതൽ ശാസ്ത്രീയമായരീതിയിൽ കൃഷി നടത്തിക്കൊണ്ട് അത് ആദായകരമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം. ഇവിടെ കർഷകത്തൊഴിലാളികളുടെ ഒരു പ്രശ്നം പറഞ്ഞു. പലപ്പോഴും നമുക്ക് തെറ്റുപറ്റുന്ന ഒരു കണക്കുകൂട്ടലാണ് ഇത്. നെൽക്കൃഷി ചെയ്താൽതന്നെ കർഷകത്തൊഴിലാളികൾക്ക് കൊല്ലത്തിൽ എൺപതോ തൊണ്ണൂറോ ദിവസത്തെ ജോലിയാണ് കിട്ടുന്നത്. എൺപതോ തൊണ്ണൂറോ ദിവസത്തെ ജോലിയേക്കാൾ കൂടുതൽ ദിവസം ജോലി മറ്റു കൃഷികൾ ചെയ്യാൻ കഴിയുന്ന സ്ഥലങ്ങളിലെ കർഷകത്തൊഴിലാളികൾക്ക് ലഭിക്കാൻ സാധിക്കും. റമ്പർ വച്ചുപിടിപ്പിച്ചു ചെറിയ എസ്റ്റേറ്റുകളാണ് ഉണ്ടാക്കുന്നതെങ്കിൽ നെൽപ്പാടങ്ങളിലെ കർഷകത്തൊഴിലാളികൾക്ക് കിട്ടുന്നതിനേക്കാൾ കൂടുതൽ തൊഴിൽ ദിവസങ്ങൾ എസ്റ്റേറ്റുകളിൽ കിട്ടുന്നതാണ്. തെങ്ങിനും, വാഴയ്ക്കും എല്ലാം ഈ തത്വം ബാധകമാണ്. ശാസ്ത്രീയമായ ഒരു സമീപനം അംഗീകരിക്കുകയാണെങ്കിൽ ഏതു കൃഷി ചെയ്താലാണോ ലാഭകരം, അതിലേക്ക് പോകണം.

മറ്റൊരുകാര്യം സഖാവ് കൃഷ്ണൻ ഇവിടെ സ്പർശിക്കുകയുണ്ടായി, ഭൂമിയെസംബന്ധിച്ച്. ഭൂമിയെ സംബന്ധിച്ചു അടിസ്ഥാനപരമായ സമീപനം എന്താണ്? കൃഷി ചെയ്യുന്നവനായിരിക്കണം കൃഷിഭൂമിയിലുള്ള അവകാശവും കൈവശാവകാശവും എല്ലാംതന്നെ ആ പരിത:സ്ഥിതിയിൽ കൃഷി ചെയ്യുന്ന ആളുകൾക്ക് അതിനോട് കൂടുതൽ താൽപ്പര്യം ഉണ്ടാകും. കൂലി കൊടുത്ത് ജോലി ചെയ്യിച്ചാൽ ലാഭമില്ലെങ്കിൽപ്പോലും സ്വന്തം തൊഴിലെടുത്തു കൃഷിചെയ്യുന്നവർ അതിനെ നിലനിറുത്തുക എന്നുള്ള മെച്ചം ഉണ്ടാകും. അതുകൊണ്ടുതന്നെ ഈ ഓർഡർ പിൻവലിക്കേണ്ടതാണ്. അടിയന്തിരമായിട്ട് ഇന്ന് നിലവിലുള്ള കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടും, ഓർഡറും പിൻവലിച്ചുകൊണ്ട് ഈ രാജ്യത്ത് ശാസ്ത്രീയമായും ലാഭകരമായും കൃഷി നടത്താനുള്ള ഒരു കാലാവസ്ഥ ഉണ്ടാക്കാൻവേണ്ടി ഗവൺമെന്റ്മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): ഈ പ്രമേയത്തെപ്പറ്റി ഇവിടെ നടന്ന ചർച്ചകളെല്ലാം ഞാൻ സശ്രദ്ധം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. മിസ്റ്റർ ജേക്കബ് ഇവിടെ പറയുകയുണ്ടായി, കർഷകർ ചെകുത്താനും കടലിനും മദ്ധ്യേ ആണെന്ന്. പക്ഷേ അങ്ങനെയല്ല ഗവൺമെൻറാണ് ചെകുത്താനും കടലിനും മദ്ധ്യേ നിൽക്കുന്നത്. ഈയിടയ്ക്ക് ചിറ്റൂർ, പാലക്കാട് മുതലായ സ്ഥലങ്ങളിലെ കൃഷിക്കാരുടെ സംഘടനകളും വന്നിട്ട് ഈ കെ.എൽ.യു. ഓർഡർ എടുത്തു കളയണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതേ അവസരത്തിൽത്തന്നെ ഈ നാട്ടിലെ വളരെയധികം തൊഴിലാളി സംഘടനകളും ഇതു എടുത്തുകളയരുത് കളഞ്ഞാൽ ജോലി നഷ്ടപ്പെടും എന്നും പറയുകയുണ്ടായി. അതാണ് ഞാൻ പറഞ്ഞത് ചെകുത്താനും കടലിനും മദ്ധ്യേ ആണെന്ന്.

ബഹുമാനപ്പെട്ട ചാക്കോ ശ്രീമാൻ ബർണാല ഇത് എടുത്തുകളയണമെന്ന് പറയുകയുണ്ടായി എന്നു പറഞ്ഞു. അത് ശരിയല്ല. അദ്ദേഹം പറഞ്ഞിട്ടുള്ളത് ഇവിടത്തെ കർഷക സംഘടനകളും അദ്ദേഹത്തിന്റെ അടുത്ത് നിവേദനങ്ങളും നടത്തുകയുണ്ടായി. ഇത് എടുത്തു കളയണമെന്നു പറഞ്ഞിട്ട് അദ്ദേഹം ചില ഉപാധികൾക്ക് വിധേയമായി മാത്രം പരിഗണിക്കണമെന്നാണ് നമ്മെ അറിയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും ഇംഗ്ലീഷിൽ കുറെ അധികമുണ്ട്. അത് ഞാൻ ഇവിടെ വായിക്കുന്നില്ല. കേന്ദ്ര പൂളിൽനിന്നും അരിയ്ക്കുള്ള നമ്മുടെ ആവശ്യം കുറയ്ക്കുകയും പകരം ഗോതമ്പുകൊണ്ട് നാം തൃപ്തിപ്പെടുകയും ചെയ്യുമെങ്കിൽ മാത്രം ഈ നിയമ ഭേദഗതിയെപ്പറ്റി ആലോചിക്കാമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. ഏതായാലും സംസ്ഥാന ഗവൺമെൻറ് ഈ പ്രശ്നത്തെ ഒരു തുറന്ന മനസ്സോടുകൂടി വീക്ഷിക്കുകയാണ്. ഇപ്പോഴും ഇതേപ്പറ്റി അന്വേഷിക്കാനായിട്ട് ഒരു ഹൈ പവ്വർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്; നമ്പ്യാർ കമ്മിറ്റി. ആ കമ്മിറ്റിയിലെ റിപ്പോർട്ട് അടുത്തുതന്നെ തരാമെന്ന് ശ്രീ. നമ്പ്യാർ എന്നെ കണ്ടപ്പോഴും പറയുകയുണ്ടായി. അത് രണ്ടുമൂന്നു മാസത്തിനകം കിട്ടും. കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തെപ്പറ്റി വേണ്ടത് ആലോചിച്ചു ചെയ്യുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയം പ്രസ്സ് ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

The amendment moved by Shri P.R. Francis was, by leave, withdrawn.

The amendment moved by Shri Cyriac John was, by leave, withdrawn.

The amendment moved by Shri E.K. Pillai was, by leave, withdrawn.

The amendment moved by Shri E. Narayanan Nair was put and lost.

The amendment moved by Shri P. K. Sankarankutty was put and lost.

Mr. Deputy Speaker: Mr. K. J. Chacko, do you press your Resolution.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ചാക്കോ: സർ, വളരെ അസംതൃപ്തിയോടെയാണെങ്കിലും, ബഹുമാനപ്പെട്ട മന്ത്രി ഇന്നാതിരിയുള്ള ഉറപ്പു തരികയും അടുത്ത ആറു മാസത്തിനകം കൂടുന്ന നിയമസഭയിൽ ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുമ്പോഴേ ഈ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് സംസാരിക്കാൻ എനിക്ക് അവസരം ഉണ്ടാകും എന്നുള്ള പ്രതീക്ഷയിലും, പ്രത്യാശയിലും ഞാൻ ഈ പ്രമേയം പ്രസ് ചെയ്യുന്നില്ല.

The Resolution moved by Sri K.J. Chacko was, by leave, withdrawn.

3. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം നടപ്പിലാക്കുന്നത് സംബന്ധിച്ച്

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും, കോർപ്പറേഷനുകളും, സഹകരണ സംഘങ്ങളും, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങിയവയിലെ നിയമനങ്ങളിൽ സർക്കാർ സർവ്വീസിൽ നിലവിലുള്ളതുമാതിരി സംവരണതത്വം അംഗീകരിച്ചു നടപ്പിലാക്കാനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോടാവശ്യപ്പെടുന്നു''.

നമ്മുടെ സർക്കാർ ആഫീസുകളിൽ ഉള്ള മാതിരി സംവരണതത്വം നമ്മുടെ സംസ്ഥാനത്തിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും, സഹകരണ സ്ഥാപനങ്ങളിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കണം എന്നതാണ് ഈ പ്രമേയത്തിന്റെ ഉള്ളടക്കം. സർ, നമ്മുടെ സംസ്ഥാനത്തിൽ വ്യാപിച്ചുകിടക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ എടുത്ത് പരിശോധിച്ചുനോക്കിയാൽ തന്നെ ഈ സംവരണതത്വം വളരെ ദയനീയമായ രീതിയിലാണ് അവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത് എന്നു കാണാൻ സാധിക്കും. നമ്മുടെ നിയമസഭയുടെ തന്നെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ടുകൾ എടുത്ത് പരിശോധിച്ചാൽ ഈ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ സംവരണതത്വം നടപ്പിലാക്കിയതിനെക്കുറിച്ച് വളരെ രൂക്ഷമായ വിമർശനം ആ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് നമുക്കു കാണാൻ സാധിക്കും. ഓരോ സ്ഥാപനങ്ങളിലുമുള്ള ഉദ്യോഗങ്ങളുടെ കണക്കും അതിലുള്ള സംവരണതത്വപ്രകാരം ലഭിക്കേണ്ടതിന്റേയും അല്ലാതെ ഇന്ന് നിയമിക്കപ്പെട്ടിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടേയും വിശദമായ കണക്കുകളും ആ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംവരണം എന്നു പറയുമ്പോൾ അതുമാത്രമല്ല കൂടുതൽ ആളുകൾകൂടി വരുമെന്ന് നമുക്ക് അറിയാവുന്നതാണ്. പക്ഷേ ഏറ്റവും പിന്നോക്ക വിഭാഗത്തിൽ കിടക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സ്ഥിതി ആ റിപ്പോർട്ടിൽ വളരെ വിശദമായി പ്രതിപാദിച്ചിരിക്കുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും വലിയ സ്ഥാപനമെന്നു വിശേഷിപ്പിക്കാൻ പറ്റുന്ന കേരളാ സ്റ്റേറ്റ് വിദ്യുച്ഛക്തി ബോർഡിൽ ആകെ ഉള്ള 173 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരിൽ ഒരാൾപോലും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളല്ല എന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. 1341 ജൂനിയർ ഇഞ്ചിനീയർമാരിൽ 83 പേർ മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ എന്നും ആ റിപ്പോർട്ടിൽ പറയുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തിലെ മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly